**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3534** **05-08-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നതുൾപ്പെടെയുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയ സമീപനമാണ് സ്വീകരിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിർത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നയസമീപനം കൂടുതൽ ശക്തിപ്പെടുത്തി കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്കാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖലകൾ തിരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തന അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി നടന്ന യോഗത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഭാഗമായി നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത നടപടികളുടെ ഫലമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2020 -21 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും ഒരവലോകനം ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുകയുണ്ടായി. മുൻ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ തുടർച്ചയായി ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് അടുത്ത പത്തു വർഷത്തെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകുകയും ആയതിന് അനുസൃതമായി മാസ്റ്റർ പ്ലാനുകൾ ഒന്നാംഘട്ട അവതരണം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് മാസ്റ്റർ പ്ലാനുകളുടെ നിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗീകൃത ട്രേഡ് യൂണിയനുകൾ ഉദ്യോഗസ്ഥ തലത്തിൽ വിശദമായ ചർച്ച ചെയ്തതിനുശേഷം വിദഗ്ദ്ധ സമിതിയുടെ മുൻപാകെ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകന സംവിധാനം കൂടുതൽ കാര്യക്ഷമമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനം |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നതുമാണ്. കേരള പബ്ലിക് എന്റർപ്രൈസ് സെലെക്ഷൻ ബോർഡിന്റെ സഹായത്തോടെ എംഡിമാരുടെ നിലവിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള നിയമനങ്ങൾക്കായി പുതിയതായി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ ആരംഭിക്കുകയും, പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡുകൾക്ക് നയപരമായ കാര്യങ്ങൾക്കൊഴികെയുള്ള വിഷയങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ധരെ ഉൾപ്പെടുത്തി കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനും. സ്ഥാപനങ്ങളിൽ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഭരണ നിർവ്വഹണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്പന്ന വൈവിധ്യവത്ക്കരണത്തിനും കയറ്റുമതി പ്രോത്സാഹനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കമ്പനികളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി തയ്യാറാക്കിവരുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായി കയറ്റുമതി സാധ്യതകൾ വിലയിരുത്തിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാകുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. |
| (ഇ) | കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേരളത്തിലെ കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; വിശദമാക്കാമോ? | (ഇ) | കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ എച്ച്.എൻ.എൽനെ സംബന്ധിച്ച് NCLT, കൊച്ചി ബെഞ്ചിന്റെ വിധിപ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി സ്ഥാപനത്തെ കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സമിതി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാറിന് കൈമാറുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | അനുമതി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുകയും എഗ്രിമെന്റ് ഒപ്പിടുകയും ചെയ്തു. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.റ്റിയുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ